പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1509 — 02.07.2015 ലെ മറുപടിയ്ക്ക്

## കൃഷി നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചിട്ടുണ്ടോ ; | (എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-06-2012-ലെ സ.ഉ.(എംഎസ്.) നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ്സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)നിന്ന് ധനസഹായം നൽകി വന്നിരുന്നത്. അതാതു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF - ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ.(എംഎസ്.) നം. 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ.(എംഎസ്.) നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നം. 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) നിലവിലുണ്ടായിരുന്ന മാനദണ്ഡത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; | (ബി) പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിന് ധനസഹായം നല്കുന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് പ്രകാരം വിളകളെ ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് ധനസഹായം കണക്കാക്കുന്നത്. 33 ശതമാനമോ അതിലധികമോ വിളനാശം സംഭവിക്കുന്ന സാഹചര്യത്തിലാണ് ധനസഹായത്തിന് അർഹതയുള്ളത്. |

| | | | |
|---|---|---|---|
| (സി) | നടപ്പ് വർഷം നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണം ജില്ലാ പ്രിൻസിപ്പൽ ഓഫീസർമാർ, കൃഷി ഓഫീസർമാർക്ക് തിരിച്ചയച്ചിട്ടുണ്ടെന്നും കാരണമെന്തെന്നും അറിയിക്കുമോ ; | (സി) | പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി നടപ്പ് വർഷം സംസ്ഥാനത്ത് ആകെ 36805 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 1571 അപേക്ഷകൾ 24-01-2014 ലെ ജി.ഒ(എം.എസ്) നം.48/14/ഡിഎംഡി ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം പുതുക്കിയ ക്ലെയിം നൽകുന്നതിനായി തിരികെ അയച്ചിട്ടുണ്ട്. |
| (ഡി) | അപേക്ഷ സമർപ്പിച്ചിട്ടും കൃഷി ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;എങ്കിൽ കാരണം വിശദമാക്കുമോ ; | (ഡി) | ഇല്ല. |
| (ഇ) | കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ജില്ല തിരിച്ച് അറിയിക്കാമോ ? | (ഇ) | 11-06-2012 ലെ ജി.ഒ(എം.എസ്) നം.239/12/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിന് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 8,17,65,000 |
| കൊല്ലം | 70,751 |
| പത്തനംതിട്ട | 78,29,846 |
| കോട്ടയം | 34,18,172 |
| ആലപ്പുഴ | 9,45,00,000 |
| ഇടുക്കി | 10,36,437 |
| എറണാകുളം | 7,78,60,704 |
| തൃശ്ശൂർ | 11,92,349 |
| പാലക്കാട് | 15,97,34,935 |
| മലപ്പുറം | 6,26,10,000 |
| കോഴിക്കോട് | 5,20,58,968 |
| വയനാട് | 8,98,66,361 |
| കണ്ണൂർ | 2,50,00,000 |
| കാസർഗോഡ് | 2,23,36,525 |
| **ആകെ** | **67,92,80,048/-** |

**സെക്ഷൻ ഓഫീസർ**